സർ, കോടതിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. മുഖ്യമന്ത്രി ഇന്നലെ പറഞ്ഞത് ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ വന്ന വാർത്ത യായതുകൊണ്ട് അന്വേഷണം ഇല്ല എന്നാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഒഴിയാൻ ശ്രമിക്കുകയാണ്.....ബഹളം.....

മി. സ്പീക്കർ: അങ്ങനെ അനുവദിച്ചിട്ടില്ല.

ശ്രീ. എ സി. ഷൺമുഖദാസ്: മുഖ്യമന്ത്രി ഒഴിഞ്ഞു രക്ഷപ്പെടാൻ ശ്രമിക്കുകയാണ്.....ബഹളം.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ ബഹുമാനപ്പെട്ട ശ്രീ. ബേബിജോൺ, ശ്രീ. എ സി. ഷൺമുഖദാസ്, ശ്രീ. എം. വി. രാഘവൻ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. കെ. ജെ. ജോർജ് എന്നീ അംഗങ്ങൾ ചെയറിനോട് റൂൾ 304 അനുസരിച്ച് ഈ പ്രശ്നം ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ചെയർ അത് അനുവദിച്ചിട്ടില്ല. തന്നെയുമല്ല ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അത് ഉന്നയിക്കാനുള്ള യാതൊരു സാഹചര്യവും ഇല്ല.....ബഹളം.....ചെയർ അനുവദിച്ചിട്ടില്ല.

അടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചതാണ്.....ബഹളം.....ദയവായി അംഗങ്ങൾ ഇരിക്കണം. ബഹുമാനപ്പെട്ട കക്ഷിനേതാക്കൻമാർ ദയവായി ഇരിക്കണം.....ബഹളം.....

VI. റിപ്പോർട്ട് സമർപ്പണം

(1) 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മറ്റി റിപ്പോർട്ട്

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിന്റെ കോപ്പിയും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.....ബഹളം.....

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ റിപ്പോർട്ട്

ശ്രീ. പി. പി. തങ്കച്ചൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് ചെയർമാനു വേണ്ടി (ശ്രീ. പി. സീതിഹാജി) ഞാൻ സമർപ്പിക്കുന്നു.....ബഹളം.....

മി. സ്പീക്കർ: ഈ കാര്യം ഉന്നയിക്കാൻ നിങ്ങളെ ആരേയും ചെയർ അനുവദിച്ചിട്ടില്ല. ദയവായി ചെയറിനോട് സഹകരിക്കണം. .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ സംഗതിയെ സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യമായി വന്നിരിക്കുന്നതുകൊണ്ടും വിശദീകരണം നിയമസഭയിൽ വരാത്തതുകൊണ്ടും പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീമതി കെ. ആർ. ഗൗരിയും അവരുടെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങ് ചർച്ചക്ക് അനുവദിക്കില്ല എന്നു പറയുന്നത് മനസ്സിലായി. ഇവിടെ നടന്ന ചർച്ചയിൽ നിന്ന് വ്യത്യസ്തമായി മുഖ്യമന്ത്രി കൊച്ചിയിൽ പ്രസ്താവന നടത്തിയിരിക്കുകയാണ്. ടെലഫോൺ എക്സ്ചേഞ്ചിൽനിന്നുള്ള കൃത്രിമ രേഖയെ സംബന്ധിച്ച് കേസെടുക്കുന്നതാണെന്നാണ് സഭയിൽ പറഞ്ഞത്. കൊച്ചിയിൽവച്ച് അദ്ദേഹം പറഞ്ഞത് ഗവൺമെന്റ് നടപടി എടുക്കുന്നില്ല. ടെലഫോൺ മാനേജരുടെ പ്രസ്താവനയുടെ രേഖ അവിടെ കാണുന്നില്ല ഫോട്ടോസ്റ്റാറ്റ് പ്രസിദ്ധീകരിച്ച രേഖ അവിടെ കാണുന്നില്ല.....ബഹളം.....

മി. സ്പീക്കർ: അങ്ങയെ സംസാരിക്കാൻ അനുവദിച്ചിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ലൈൻമാനെ തട്ടിക്കൊണ്ടുപോയിരിക്കുന്നു.....ബഹളം.....

മി. സ്പീക്കർ: ചെയർ അനുവദിച്ചിട്ടില്ല.....ബഹളം.....

ശ്രീ. കെ. പി. പ്രഭാകരൻ: മുഖ്യമന്ത്രിയുടെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, മുഖ്യമന്ത്രി പറഞ്ഞത് രേഖ വ്യാജനിർമ്മിതമാണ്, കൃത്രിമമാണെന്നാണ്. മുഖ്യമന്ത്രി ഗൂഢാലോചന നടത്തി കള്ളക്കേസുണ്ടാക്കാൻ ശ്രമിക്കുന്നു. ലൈൻമാനെ തട്ടിക്കൊണ്ടുപോകുന്നു. ഈ സഭയിൽ ന്യായമായും നീതിയായും മര്യാദയായും പെരുമാറുന്നില്ല, ജനാധിപത്യ സമ്പ്രദായം തകർക്കുകയാണ്. ഒരു നിമിഷംപോലും ഈ മുഖ്യമന്ത്രി തുടരാൻ പാടില്ല. കോടതിയെ അപമാനിച്ചിരിക്കുന്നു. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

ശ്രീ. ബേബിജോൺ: പുതിയ ചർച്ചയാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. നേരത്തെ നടന്ന ചർച്ചയുടെ ആവർത്തനമല്ല. പുതിയ പ്രശ്നം ഉണ്ടായിരിക്കുന്നു. ആ പ്രശ്നം എന്നു പറയുന്നത് ഇതിന്റെ ചർച്ച സമയത്ത് ഈ സഭയിൽ ബഹുമാനപ്പെട്ട സഭാനേതാവ് ഉറപ്പുതന്നിരുന്നു ഇതിനെക്കുറിച്ച് അന്വേഷിക്കുമെന്നും കേസെടുക്കുമെന്നും. ഇപ്പോൾ അദ്ദേഹം പറയുന്നു അന്വേഷിക്കില്ല, എന്ത് അന്വേഷിക്കാൻ, കേസില്ല എന്ന്. അതാണ് പുതിയ സ്ഥിതി. നമ്മുടെ സംസ്ഥാനത്തേയും നമ്മുടെ സംസ്കാരത്തേയും ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഗവൺമെന്റ് നടപടികളിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

ശ്രീ. കെ. ജെ. ജോർജ്: ചർച്ച ആവശ്യപ്പെട്ടാൽ അനുവദിക്കാതിരിക്കുന്നത് ശരിയല്ല.....ബഹളം.....

മി. സ്പീക്കർ: അങ്ങേക്ക് വാക്കൗട്ട് നടത്താനുള്ള അവകാശം ഉണ്ട്, വാക്കൗട്ട് നടത്തുകയാണെന്നുമാത്രം പറഞ്ഞാൽമതി.

ശ്രീ. കെ. ജെ. ജോർജ്: ഇത് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ജെ. ജോർജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

VII. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985-ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലക്കെടുക്കലും കൈമാറ്റംചെയ്യലും) ബിൽ (തുടർച്ച)

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കഴിഞ്ഞ തവണ ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മാനേജ്മെന്റ് ഏറ്റെടുക്കുന്നതിനു മുൻപുള്ള കാലഘട്ടത്തിലേക്ക് .....(ബഹളം).....

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു പോയന്റ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനും എം. എം. ഹസ്സനും മുഖ്യമന്ത്രിയെ പിൻതുണയ്ക്കാൻ എന്നു പറഞ്ഞുകൊണ്ട് ഈ അമിതമായ ആവേശം കാണിക്കുന്നത് നടുത്ത ഇലക്ഷൻ കണ്ടുകൊണ്ടാണോ? ഇതു ഓർഡറിലാണോ? .....(ബഹളം).....

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ച കഴിഞ്ഞ ദിവസം നടക്കുമ്പോൾ, മാനേജുമെന്റ് ഏറ്റെടുത്തതിനു ശേഷം, പീഡിതവ്യവസായത്തിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട പ്രൊവിഡന്റുഫണ്ടും ശമ്പളവും അതിനെ സംബന്ധിച്ച് മുൻപുള്ള മാനേജ്മെന്റിനു കൊടുക്കുന്ന കോമ്പൻസേഷനിൽ ഫസ്റ്റ് ചാർജ് ആയിരിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായവകുപ്പു മന്ത്രിയും പറഞ്ഞത്. അതുശരിയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ പീഡനത്തെക്കുറിച്ചാണോ സംസാരിക്കുന്നത്. സർ, ഒരു ലൈൻമാൻ സേവ്യറെ ശ്രീ. ഉമ്മർപാണ്ടിയും കൂട്ടുകാരും കൂടി പിടിച്ച് കോട്ടയം ഗസ്റ്റ്ഹൗസിൽ കൊണ്ടുപോയി പീഡിപ്പിച്ച വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ വി. ജെ. തങ്കപ്പൻ: അങ്ങനെ പീഡിപ്പിച്ചതായി പത്രത്തിൽ കണ്ടു. അതിനെക്കുറിച്ച് സി. ബി. ഐ. യെകൊണ്ട് അന്വേഷിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly